പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1041

28-04-2017 ലെ
മറുപടി

## കൊങ്ങാട് മണ്ഡലത്തിൽ പ്രഖ്യാപിച്ച ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന്റെ കീഴിൽ, കൊങ്ങാട് മണ്ഡലത്തിലേയ്ക്കായി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങളും നൽകുമോ? | (എ) | **കേരള ജല അതോറിറ്റി**<br><br>കൊങ്ങാട് നിയോജക മണ്ഡലത്തിലേയ്ക്കായി കിഫ്ബി നിക്ഷേപ സഹായത്തോടുകൂടി കരിമ്പ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 25 കോടി രൂപ 2017-18 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br><br>**ജലസേചന വകുപ്പ്**<br><br>ജലസേചന വകുപ്പിന് കീഴിൽ കൊങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കാരാക്കുറുശ്ശി പഞ്ചായത്തിൽ ചുരിയോട് പുഴയ്ക്ക് കുറുകെ കോരപള്ളം കുണ്ടുകാട് ചെക്ക് ഡാം നിർമ്മാണം - പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചു - 58,91,102 രൂപ ചെലവായി.<br>2. മങ്കര പഞ്ചായത്തിൽ പഴയ പറളി പാലത്തിന് സമീപം പുതുക്കോട് ചെ.7/100 ഭാരതപ്പുഴയ്ക്ക് കുറുകെ നബാർഡ് ചെക്ക് ഡാം നിർമ്മാണം 70% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിച്ച പണി പുരോഗമിച്ചുവരുന്നു - ഭരണാനുമതി നൽകിയ തുക – 174 ലക്ഷം<br>3. കരിമ്പ പഞ്ചായത്തിൽ തുപ്പനാട് പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം സാങ്കേതികാനുമതിയ്ക്കുള്ള നടപടി എടുത്തു വരുന്നു - ഭരണാനുമതി നൽകിയ തുക – 98.50 ലക്ഷം. |

സെക്ഷൻ ഓഫീസർ